**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.561** **03.03.2020-ൽ മറുപടിക്ക്**

## ആറന്മുള മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം<br><br>ശ്രീമതി. വീണാ ജോർജ്ജ്. | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെയും, പ്രവൃത്തികളുടെ യും വിശദാംശങ്ങൾ നൽകുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. വിതരണമേഖല<br>വൈദ്യുതി വിതരണ രംഗത്ത് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 1289 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, ആറന്മുള മണ്ഡലത്തിലെ, 12 പഞ്ചായത്തുകളിലും ഒരു മുൻസിപ്പാലിറ്റിയിലുമായി, 13.891 കി.മി, എൽ.ടി ലൈനുകൾ നിർമിച്ച് വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും സാധാരണ വികസന പദ്ധതികൾക്ക് പുറമെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, എം.എൽ.എ ഫണ്ട്, തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളുടെ ഫണ്ടുകൾ എന്നിവയുപയോഗിച്ച് 71 കി.മി. എച്ച്.ടി. ലൈനും, 81 കി.മി. എൽ.ടി ലൈനും പുതുതായി നിർമിക്കുകയും, 65 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ താറുമാറായ വൈദ്യുതി ശൃംഖല സമയബന്ധിതമായി പുനഃസ്ഥാപിച്ച് എല്ലാ ഉപഭോക്താക്കൾക്കും കുറഞ്ഞ സമയ പരിധിക്കുള്ളിൽ തന്നെ വൈദ്യുതി ലഭ്യമാക്കിയിരുന്നു.<br>വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും വിതരണ ശൃംഖല ആധുനികവത്കരിക്കാനും |

| | | | |
|---|---|---|---|
| | | | നടത്തുന്ന വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതി 2021 ൽ, 2018 മുതൽ 2022 വരെ നടപ്പിലാക്കാനായി എച്ച്.ടി ശൃംഖല ശക്തിപ്പെടുത്തുന്നതിന് 2458 ലക്ഷം രൂപയുടെ പ്രവൃത്തികളും, എൽ.ടി വിതരണ ലൈനുകൾ മെച്ചപ്പെടുത്തുന്നതിന് 2055 ലക്ഷം രൂപയുടെ പ്രവൃത്തികളും, വിതരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി മീറ്ററിംഗ്/അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും 251 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ 4766 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആറന്മുള മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 114.94 കി.മി പുതിയ 11 കെ.വി ലൈൻ നിർമിക്കുവാനും 92 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും 197.885 കി.മി സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുവാനും 46.8 കി.മി. എച്ച്.ടി ലൈനും 2141.21 കി.മി എൽ.ടി ലൈനും റീ കണ്ടക്ടറിങ് നടത്താനും ദ്യുതി 2021 പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.<br>അപകടരഹിതമായി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ വീട്ടുകളിലും എത്തിക്കുക, സമ്പൂർണ സുരക്ഷ ഉറപ്പാക്കുക, വൈദ്യുതി ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടേയും ഗുണമേന്മ ഉറപ്പാക്കുക, വീട്ടുകളിലെയും സ്ഥാപനങ്ങളിലെയും എർത്തിങ്/വയറിങ്/ELCB തുടങ്ങിയവയുടെ പരിശോധന, കേടായ മീറ്ററുകൾ മാറ്റി വയ്ക്കുക തുടങ്ങിയ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി ആറന്മുള ഗ്രാമത്തിലെ എല്ലാ ഉപഭോക്താക്കൾക്കും നാടിനും സമ്പൂർണ്ണ വൈദ്യുതി സുരക്ഷയേകാൻ ആറന്മുള സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതി കൂടി നടപ്പിലാക്കുന്നുണ്ട്. ആറന്മുള ഗ്രാമപഞ്ചായത്ത്, കെ. എസ്.ഇ.ബി.എൽ., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കുടുംബശ്രീ, വ്യാപാരിവ്യവസായ സംഘടനകൾ, ഇലക്ട്രിക്കൽ വയർമാൻ & സൂപ്പർവൈസേഴ്സ് സംഘടനകൾ, കോളേജ് / സ്കൂൾ / ഐടിഐ വിദ്യാർഥികൾ, രാഷ്ട്രീയ പാർട്ടികൾ/മത സംഘടന ഭാരവാഹികൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം ബഹു.വൈദ്യുതി വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| | | | 2019 മെയ് 7 ന് നിർവ്വഹിക്കുകയുണ്ടായി. ടി പദ്ധതിയിൽ ഉൾപ്പെട്ട, വൈദ്യുതി ലൈനുകളുടെയും/ പ്രതിഷ്ഠാപനങ്ങളുടേയും ഗുണമേന്മ വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്ന പദ്ധതിയും ദ്യുതി 2021 ൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു.<br>2. <u>പ്രസരണമേഖല</u><br>1. പത്തനംതിട്ട സബ്സ്റ്റേഷനിൽ പുതുതായി മൂന്ന് 11 കെ.വി പാനലുകൾ സ്ഥാപിച്ച് 11 കെ.വി വൈദ്യുത ഫീഡറുകളുടെ എണ്ണം 11 ൽ നിന്ന് 14 ആയി ഉയർത്തി<br>2. പത്തനംതിട്ട സബ്സ്റ്റേഷനിൽ ഐ.പി.ഡി.എസ് പദ്ധതിയിലുൾപ്പെടുത്തി 19.50 ലക്ഷം രൂപ ചെലവിൽ പുതുതായി 25 കിലോവാട്ട് ശേഷിയുള്ള സൌര വൈദ്യുത നിലയം സ്ഥാപിച്ചു.<br>3. കോഴഞ്ചേരി 110 കെ.വി സബ്സ്റ്റേഷനിൽ ഐ.പി.ഡി.എസ് പദ്ധതിയിലുൾപ്പെടുത്തി 84 ലക്ഷം രൂപ ചെലവിൽ പഴയ 11 കെ.വി പാനൽ സെറ്റ് (12 എണ്ണം) മാറ്റി പുതിയ 17 പാനൽ സെറ്റ് സ്ഥാപിച്ചു. അതോടൊപ്പം പുതുതായി രണ്ട് ഔട്ട്ഗോയിംഗ് ഫീഡറുകൾ സ്ഥാപിച്ച് ഔട്ട്ഗോയിംഗ് ഫീഡറുകളുടെ എണ്ണം 8 ൽ നിന്ന് 10 ആയി ഉയർത്തി.<br>4. കുമ്പനാട് സബ്സ്റ്റേഷനിൽ 4 ലക്ഷത്തിൽ പരം രൂപ ചെലവിൽ പുതിയ ഒ.ഡി.സി സ്ഥാപിച്ച് ഔട്ട്ഗോയിംഗ് ഫീഡറുകളുടെ എണ്ണം 3 ൽ നിന്നും നാലായി ഉയർത്തി.<br>5. കോഴഞ്ചേരി സബ്സ്റ്റേഷനിൽ ഐ. പി. ഡി. എസ് പദ്ധതിയിലുൾപ്പെടുത്തി 10.27 ലക്ഷം രൂപ ചെലവിൽ പുതിയ 15 കിലോവാട്ട് സൌര വൈദ്യുത നിലയം സ്ഥാപിച്ചു.<br>6. കോഴഞ്ചേരി സബ്സ്റ്റേഷന്റെ ശേഷി |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിനു വേണ്ടി മൂന്നാമത്തെ ട്രാൻസ്ഫോർമർ ബേ യുടെ ജോലികൾ പൂർത്തീകരിച്ചു.<br>3. പുനരുപയോഗ ഊർജ്ജ സ്രോതസ്സ്<br>ആറന്മുള നിയോജക മണ്ഡലത്തിലെ കോഴഞ്ചേരി 110 കെ.വി സബ് സ്റ്റേഷന്റെ മുകളിൽ 15 കിലോവാട്ട് പീക്ക് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം ₹10,27,350/- രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട് |
| (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും ഈ കാലയളവിൽ മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ? | (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.<br>1. പത്തനംതിട്ട സബ്സ്റ്റേഷനിൽ നിന്നുള്ള പുറത്തേക്ക് വൈദ്യുത വിതരണം ചെയ്യുന്ന ഫീഡറുകളുടെ എണ്ണം 11-ൽ നിന്ന് 14 ആക്കി.<br>2. കോഴഞ്ചേരി സബ്സ്റ്റേഷന്റെ ഫീഡറുകളുടെ എണ്ണം 8-ൽ നിന്ന് 10 ആക്കി.<br>3. കുമ്പനാട് സബ്സ്റ്റേഷനിൽ പുതുതായി ഒരു ഫീഡർ കൂടിച്ചേർന്ന് ഫീഡറുകളുടെ എണ്ണം 4 ആയി ഉയർത്തി.<br>4. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുത ശൃംഖല നവീകരിക്കുന്നതിനും ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനുമായി 18.35 കോടി രൂപ ചെലവിൽ കോഴഞ്ചേരി - ഇടപ്പോൺ 66 കെ.വി ലൈൻ 110 കെ.വി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ലൈൻ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഇതിനോടകം തുടക്കം കുറിച്ചു. |

സെക്ഷൻ ഓഫീസർ